LIBRARY ARCHIVES Kerala Legislative Assembly

മുന്നിയൂർ എം.എച്ച്.എസ്. സ്കൂളിലെ അദ്ധ്യാപകനായിരുന്ന അനീഷിനെ സ്കൂളിൽ നിന്നും പിരിച്ച് വിട്ടത്

11 (1064) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മുന്നിയൂർ എം.എച്ച്.എസ്. സ്കൂളിലെ സാമൂഹ്യശാസ്ത്ര അദ്ധ്യാപകനായിരുന്ന അനീഷിനെ സ്കൂളിൽ നിന്നും പിരിച്ച് വിട്ടതിന്റെ കാരണം വെളിപ്പെടുത്താമോ ;

(ബി) അനീഷിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നത് ഏത് തീയതിലായിരുന്നു ; ഇതിനെതിരെ അനീഷ് നൽകിയ ഹർജിയിൽ ഡി.ഇ.ഒ. നൽകിയ ഉത്തരവ് എന്തായിരുന്നു; പിരിച്ച് വിടാൻ ഉത്തരവിട്ടത് ആരായിരുന്നു ; ഡി.ഇ.ഒ.-യും ഡി.ഡി.ഇ.-യും പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) പിരിച്ച് വിടൽ ഉത്തരവിനെതിരെ അനീഷ് നൽകിയ അപ്പീൽ ഹർജിയിൽ ഡി.പി.ഐ. സ്വീകരിച്ച നടപടി എന്തായിരുന്നു ; അനീഷ് ആത്മഹത്യ ചെയ്യാനിടയായ സാഹചര്യം എന്തായിരുന്നു ;

(ഡി) സർവ്വീസിൽ നിന്നും പിരിച്ച് വിടാൻ മാത്രം ഗൗരവതരമായിട്ടുള്ള കുറ്റമായിരുന്നുവോ അനീഷിനെതിരെ ആരോപിക്കപ്പെട്ടിട്ടുണ്ടായിരുന്നത് ; അല്ലെങ്കിൽ നിയമ വിരുദ്ധമായി പിരിച്ചവിട്ട മാനേജർക്കും ഡി.ഡി.ഇ.-യ്ക്കും എതിരെ സർക്കാർ സ്വീകരിച്ച നടപടി എന്തായിരുന്നു ?

ഉത്തരം

(എ) സ്കൂളിലെ എഫ്.റ്റി.എം. ആയിരുന്ന ശ്രീ. മുഹമ്മദ് അഷ്റഫിനെ അടിച്ച് പരിക്കേല്പിച്ചു എന്ന പരാതിയിന്മേൽ.

(ബി) 28-2-2013-ൽ തിരൂർ ജില്ലാ വിദ്യാഭ്യാസ ആഫീസർ ശ്രീ. അനിഷിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ ശിപാർശ ചെയ്തു. പിരിച്ചുവിടാൻ ഉത്തരവിട്ടത് സ്കൂൾ മാനേജരായിരുന്നു. ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെയും വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവിന്റെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* *

(സി) അനീഷ് സമർപ്പിച്ച അപ്പീലിന്മേൽ അടിയന്തിര റിപ്പോർട്ടിനായി മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കത്ത് നല്കിയിരുന്നു. അനീഷ് ആത്മഹത്യ ചെയ്യാനിടയായ സാഹചര്യം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് വിജിലൻസ് വിഭാഗം 18-11-2014-ൽ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ഡി) പ്രസ്തുത വിഷയത്തിൽ 18-11-2014-ൽ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും വിജിലൻസ് വിഭാഗത്തിന് വേണ്ടി പ്രോജക്ട് ആഫീസർ അന്വേഷണം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. പരിശോധിച്ച് യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.